ഉത്തരം

(എ) 18 എണ്ണം.

(ബി) 10 ഒഴിവുകൾ.

(സി) 2 ഡോക്ടർമാരുടെ മറ്റു സ്ഥാപനങ്ങളിൽനിന്നും ഡിപ്ലോയ് ചെയ്തും 3 CRS ഡോക്ടർമാരെ നിയമിച്ചും രോഗികൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

കുറവിലങ്ങാട് താലൂക്ക് ആശുപത്രിയിലെ സ്റ്റാഫിന്റെ കുറവ് പരിഹരിക്കാൻ നടപടി

20 (1740) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുറവിലങ്ങാട് താലൂക്ക് ആശുപത്രിക്ക് പുതിയ കെട്ടിടം പണിയുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; ഇതു സംബന്ധിച്ച് ഡി.എച്ച്.എസ്./105358/10 എന്ന ഫയലിൻമേൽ സർക്കാർ എന്തു നടപടി സ്വീകരിച്ചു ;

(ബി) താലൂക്ക് ആശുപത്രിയായി ഉയർത്തിയശേഷം പുതിയ തസ്തികകൾ സൃഷ്ടിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; സ്റ്റാഫിന്റെ അപര്യാപ്തതകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഫയൽ നമ്പർ 2988/എച്ച്.&എൽ./2011, 46771/എച്ച്.&എൽ./2009 എന്നീ ഫയലുകളിൽ ഉടൻ തീർപ്പ് കൽപ്പിക്കുമോ ;

(ഡി) കുറവിലങ്ങാട് താലൂക്ക് ആശുപത്രിയിലെ ഡോക്ടർമാരുടെയും നേഴ്സുമാരുടെയും അപര്യാപ്തത പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

താലൂക്ക് ആശുപത്രികളിൽ ഡയബറ്റിക് ക്ലിനിക്

21 (1741) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രമേഹരോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പ്രമേഹരോഗബാധ ക്രമാതീതമായി വർദ്ധിക്കുന്നത് തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(ബി) പ്രമേഹരോഗത്തെ പ്രതിരോധിക്കാനും, രോഗസങ്കീർണ്ണതകളെ ചെറുക്കാനും എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വിശദീകരിക്കുമോ ;

(സി) പ്രമേഹരോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ച സാഹചര്യത്തിൽ ഓരോ താലൂക്ക് ആശുപത്രികളിലും ഒരു ഡയബറ്റിക് ക്ലിനിക്ക് തുടങ്ങുന്ന കാര്യം പരിഗണിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് ജീവിത ശൈലീരോഗങ്ങളുടെ (പ്രമേഹം, രക്താതി സമ്മർദ്ദം തുടങ്ങിയവ) വർദ്ധന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം രോഗങ്ങൾ പ്രതിരോധിക്കുന്നതിനും ചികിത്സ ലഭ്യമാക്കുന്നതിനുമായി ആരോഗ്യ വകുപ്പും, എൻ.ആർ.എച്ച്.എമ്മുമായി ചേർന്ന് ജീവിത ശൈലീരോഗ നിയന്ത്രണ പരിപാടി (നോൺകമ്മ്യൂണിക്കബിൾ ഡിസീസ് കൺട്രോൾ പ്രോഗ്രാം) നടപ്പിലാക്കുന്നുണ്ട്. സബ്സെന്റർ തലം മുതൽ പ്രമേഹത്തിന്റെയും രക്താതി സമ്മർദ്ദത്തിന്റെയും രോഗനിർണ്ണയം, തുടർചികിത്സാ സൗകര്യങ്ങൾ എന്നിവ ഇതോടെ ലഭ്യമാകും.

(ബി&സി) സബ്സെന്റർ തലത്തിൽ മാസംതോറും ജീവിത ശൈലീദിനം ആചരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. അന്നേ ദിവസം രോഗപ്രതിരോധത്തിനായി ജീവിത ശൈലിയിൽ വരുത്തേണ്ട മാറ്റങ്ങൾ, ആരോഗ്യകരമായ ഭക്ഷണക്രമം എന്നിവ സംബന്ധിച്ച് ക്ലാസ്സുകളും രോഗനിർണ്ണയ സൗകര്യവും ഉണ്ടായിരിക്കുന്നതാണ്. ഇത്തരം രോഗങ്ങളെക്കുറിച്ച് അവബോധമുണ്ടാക്കുന്നതിനുള്ള പ്രചരണ പരിപാടികൾ നടപ്പിലാക്കുന്നതാണ്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലുള്ള എൻ. സി. ഡി. (നോൺ കമ്മ്യൂണിക്കബിൾ ഡിസീസ്) ക്ലീനിക്കുകൾ ആഴ്ചതോറും നടത്താനും ലബോറട്ടറി പരിശോധനാ സൗകര്യങ്ങൾ വിപുലമാക്കുവാനും നടപടി സ്വീകരിച്ചിട്ടുണ്ട്. എല്ലാ ആശുപത്രികളിലും നടപ്പിലാക്കുന്ന പ്രതിവാര എൻ.സി.ഡി. ക്ലിനിക് താലൂക്ക് ആശുപത്രികളിലും ലഭ്യമായിരിക്കും.

കൂടാതെ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഡയബറ്റീസ് & നോൺ കമ്മ്യൂണിക്കബിൾ ഡിസീസസ് (IID) പ്രവർത്തനം ശക്തിപ്പെടുത്തി മേൽപ്പറഞ്ഞ രോഗങ്ങൾ നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും ഉദ്ദേശിക്കുന്നു.

തിരൂർ/താനൂർ ആശുപത്രികളുടെ പദവി ഉയർത്താൻ നടപടി

22 (1742) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരൂർ താലൂക്ക് ആശുപത്രിയെ ജില്ലാ ആശുപത്രിയാക്കി ഉയർത്താൻ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ ഇത് സംബന്ധിച്ച നടപടികൾ ഏത് ഘട്ടത്തിലാണ് ;

(ബി) താനൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ താലൂക്ക് ആശുപത്രി ആക്കി ഉയർത്തുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ;

(സി) ഇതു സംബന്ധമായ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ഡി) താലൂക്ക് ആശുപത്രി ജില്ലാ ആശുപത്രി ആയി മാറുന്ന സന്ദർഭത്തിൽ എന്തൊക്കെ സൗകര്യങ്ങളാണ് രോഗികൾക്കും ജീവനക്കാർക്കും പുതുതായി ലഭിക്കുന്നതെന്ന് വിശദീകരിക്കുമോ ?